# കഴുത്തിൽ ആഞ്ഞുകുത്തി കുഞ്ഞു റിസ്റ്റിയെ കൊന്ന് അയൽക്കാരൻ; അജിക്കു ജീവപര്യന്തം

മനോരമ ലേഖകൻ
OCTOBER 25, 2019 01:15 PM IST

കൊച്ചി ● എറണാകുളം പുല്ലേപ്പടി കമ്മട്ടിപ്പാടത്ത് പത്തുവയസുകാരൻ റിസ്റ്റിയെ കുത്തിക്കൊന്ന കേസിൽ അജി ദേവസ്യയ്ക്കു ജീവപര്യന്തം ശിക്ഷ വിധിച്ച് ജില്ലാ അഡീഷനൽ സെഷൻസ് (പോക്സോ) കോടതി. 25,000 രൂപ പിഴയും അടയ്ക്കണം. ഈ തുക കൊല്ലപ്പെട്ട റിസ്റ്റിയുടെ അമ്മയ്ക്കാണ്. 2016 ഏപ്രിൽ 26ന് പുലർച്ചെയാണു വീടിനു സമീപത്തെ കടയിലേയ്ക്കു പോകുമ്പോൾ പറപ്പിള്ളി ജോണിന്റെ മകൻ റിസ്റ്റിയെ അയൽവാസിയായ അജി ദേവസ്യ കുത്തിക്കൊന്നത്. റിസ്റ്റിയുടെ ശരീരത്തിൽ 17 കുത്തുകളേറ്റു. റിസ്റ്റിയുടെ ആദ്യകുർബാന ഒരുക്കച്ചടങ്ങുകൾ പുരോഗമിക്കുന്നതിനിടെ ആയിരുന്നു നാടിനെ നടുക്കിയ ദാരുണ സംഭവം.

'പട്ടി കുരയ്ക്കുന്നതും ആളുകളുടെ നിലവിളിയും കേട്ട് അമ്മയും ഞാനും ഓടിച്ചെല്ലുമ്പോൾ റിസ്റ്റി റോഡിൽ വീണു കിടക്കുകയായിരുന്നു. അപ്പൻ ഉടനെ ഓട്ടോയിൽ കയറ്റിക്കൊണ്ടുപോയി' - നാലാം ക്ലാസ് വിദ്യാർഥിയായിരുന്ന റിസ്റ്റിയെക്കുറിച്ചു പറയുമ്പോൾ സഹോദരി എയ്ബലിന്റെ കണ്ണുനിറഞ്ഞു. അയൽവാസിയുടെ കുത്തേറ്റു റിസ്റ്റി മരിച്ചിട്ടു മൂന്നു വർഷവും ആറു മാസവുമാകുന്നു.

താലോലിച്ചു തീരും മുന്നേ, ഏറ്റവും അടുപ്പം പുലർത്തുന്ന അയൽവീട്ടിലെ യുവാവിന്റെ കത്തിപ്പിടിക്കു മകൻ ഇരയാകുമെന്നു പറപ്പിള്ളി ജോൺ ഒരിക്കലും വിചാരിച്ചിട്ടില്ല. 2016 ഏപ്രിൽ 26നാണു ലഹരിമരുന്നു ലഹരിയക്ക് അടിമയായ അജി ദേവസ്യ എന്ന 43കാരൻ റിസ്റ്റിയെ കുത്തിക്കൊന്നത്. അതിരാവിലെ മുട്ട വാങ്ങാൻ കടയിൽ പോയി മടങ്ങുമ്പോൾ നടുറോഡിൽ വച്ചാണു സംഭവം. ലഹരി കിട്ടിയില്ലെങ്കിൽ അക്രമാസക്തനാകുന്ന ആളായിരുന്നു പ്രതി അജി ദേവസ്യ.

അയൽക്കാരുടെ നിലവിളി കേട്ട് ഓടിയെത്തിയ അമ്മ ലിനിയാണു കുട്ടിയുടെ കഴുത്തിൽനിന്നു കത്തി ഊരിയെടുത്തത്. ഓട്ടോറിക്ഷ ഡ്രൈവറായ ജോൺ സ്വന്തം വണ്ടിയിൽ മകനെ ആശുപത്രിയിലെത്തിച്ചെങ്കിലും രക്ഷിക്കാനായില്ല. കുത്തിയ ശേഷം പ്രതി നടന്നു പോയെങ്കിലും നാട്ടുകാർ പിടികൂടി തടഞ്ഞുവച്ചു പൊലീസിനു കൈമാറി.

നഗരത്തിലെ ഏതൊരു ഇടറോഡും പോലെ പുല്ലേപ്പടി ചെറുകരയത്ത് ലൈനിലെ കുട്ടികളും അന്ന് അവധിക്കാല ആഘോഷങ്ങളിലായിരുന്നു. വീടുകൾ തിങ്ങിനിറഞ്ഞ പ്രദേശമാണിവിടം. കുട്ടികളെല്ലാം അങ്ങേയറ്റം സുരക്ഷിതരാണെന്നു തന്നെയായിരുന്നു മാതാപിതാക്കളുടെ വിശ്വാസം. എപ്പോഴും

മുതിർന്നവരുടെ സാന്നിധ്യമുണ്ടായിരുന്നു. അപരിചിതരെ അവർ നിരീക്ഷിക്കുമായിരുന്നു. ഇവിടെയാണു പത്തുവയസ്സുകാരൻ റിസ്റ്റി കുത്തേറ്റു വീണത്. സമീപവാസികൾക്ക് എന്തെങ്കിലും ചെയ്യാൻ കഴിയുംമുൻപു റിസ്റ്റിയുടെ നെഞ്ചിലും കഴുത്തിലുമായി പലതവണ കുത്തേറ്റു.

റെയിൽപാളത്തോടു ചേർന്ന വീടുകളിലാണു റിസ്റ്റിയും കുടുംബവും താമസിച്ചിരുന്നത്. പാളത്തിന് എതിർവശത്തെ വീട്ടിലായിരുന്നു അജിയും കുടുംബവും. റിസ്റ്റിയുടെയും സഹോദരന്റെയും ആദ്യ കുർബാന സ്വീകരണ ചടങ്ങിനുള്ള ഒരുക്കത്തിലായിരുന്നു കുടുംബം. ഇതിനായി തലേന്നു വസ്ത്രങ്ങളും മറ്റും വാങ്ങിയിരുന്നു. ഈ ചടങ്ങിനായി പ്രതി അജിയെയും മാതാപിതാക്കളെയും റിസ്റ്റിയുടെ പിതാവ് ക്ഷണിച്ചിരുന്നു.

സെന്റ് ആൽബർട്സ് സ്കൂളിൽ നാലാം ക്ലാസ് വിദ്യാർഥിയായിരുന്നു റിസ്റ്റി. രാവിലെ മിജുഷ എന്ന യുവതി കണ്ടതു വഴിയിൽ കുട്ടിയുടെ കഴുത്തിൽ ഒരാൾ ആഞ്ഞു കുത്തുന്നതാണ്. മിജുഷ ഒച്ച വച്ചതോടെ ഭർത്താവ് പുറത്തേക്കിറങ്ങി വന്നു. അപ്പോഴേക്കും ആളുകൾ ഓടിയെത്തി. കുത്തിയ ആൾ ഒന്നും സംഭവിക്കാത്തതു പോലെ നടന്നു നീങ്ങിയെന്നായിരുന്നു അയൽവാസി മിജുഷയുടെ മൊഴി.

ലഹരിക്ക് അടിമയായിരുന്ന അജി കുടുംബാംഗങ്ങളെ ഉപദ്രവിക്കുമ്പോൾ അവരെ രക്ഷപെടുത്തിയിരുന്നതു റിസ്റ്റിയുടെ പിതാവായിരുന്നത്രെ. ലഹരിമരുന്നിനു പണം ചോദിച്ചപ്പോൾ നൽകിയിരുന്നില്ല. അജിയെ ലഹരിവിമുക്ത കേന്ദ്രത്തിൽ എത്തിക്കുന്നതിനു മുൻകൈ എടുത്തിരുന്നതും ജോണായിരുന്നു. ഇതിന്റെയെല്ലാം പകവീട്ടലായിരുന്നു റിസ്റ്റിയോട് അജി ചെയ്തത്.

അജി ദേവസ്യയെ നേരത്തെ മാനസികാരോഗ്യ കേന്ദ്രത്തിൽ പ്രവേശിപ്പിച്ചിട്ടുണ്ടെന്നു പൊലീസ് വ്യക്തമാക്കി. മകൻ 12 വർഷമായി ചികിത്സയിലാണെങ്കിലും മരുന്നുകൾ കഴിക്കാറില്ലെന്നാണു മാതാവ് പൊലീസിനോടു പറഞ്ഞത്. വീട്ടിൽ മാതാപിതാക്കളെ ഉപദ്രവിക്കുന്ന ശീലക്കാരനായിരുന്നു. അജിയുടെ ശല്യം സഹിക്കാനാകാതെ അമ്മ പല രാത്രികളിലും റിസ്റ്റിയുടെ വീട്ടിലാണ് അഭയം തേടിയിരുന്നത്.

**English Summary:** Boy stabbed to death by neighbour in Kochi, verdict

TAGS: Crime News | Murder Case | Kochi

## MORE IN LATEST NEWS

ബിപിൻ റാവത്ത് ഇന്ത്യയുടെ ആദ്യ സംയുക്ത സൈനിക മേധാവി

...ണ്ണൂരിലെ ഞെട്ടിപ്പിക്കുന്ന രാത്രി; ഒറ്റയ്ക്ക് നടന്നപ്പോൾ ചോദ്യം: റേറ്റ് എത്രയാ?-വിഡിയോ

ടാറിട്ടതിനു പിന്നാലെ റോഡ് കുത്തിപ്പൊളിച്ച് ജല അതോറിറ്റി; പ്രതിഷേധം ശക്തം

ബുറാഡി ഹൗസ് ഇനി ഡയഗണോസ്റ്റിക് കേന്ദ്രം; പ്രേതങ്ങളെ ഭയക്കാതെ ഡോക്ടർ

...ാടിക്കൊണ്ടിരുന്ന ട്രാവലറിനു തീപിടിച്ചു; രക്ഷപ്പെടൽ അദ്ഭുതകരം-വിഡിയോ

വീട്ടുവാടക മാസം 15 ലക്ഷം; അംബാസഡറെ തിരിച്ചുവിളി... വിദേശകാര്യ മന്ത്രാലയം

SHOW MORE